# ചേതം എന്ന് എണ്ണുക

## ഫിലിപ്പ്യർ 3:8

"എന്റെ കർത്താവായ ക്രിസ്തുവേശുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠതനിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്ന് എണ്ണുന്നു."

ഓരോ പ്രഭാതത്തിലും ഉണർന്നെഴുന്നേൽക്കുമ്പോൾ ഒരു ദൈവപൈതൽ തന്നോടു തന്നേ ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്. എനിക്ക് എന്റെ ജീവിതത്തിൽ പ്രധാനമായിട്ടുള്ളത് എന്താണ്? ഞാൻ വിലമതിക്കേണ്ടത് എന്തിനാണ്? എന്തിനു വേണ്ടിയാണ് ഞാൻ ഇന്ന് പ്രയത്നിക്കേണ്ടത്? എന്നാൽ മാത്രമേ പൗലോസിനെ പോലെ നമുക്കും ലോകപ്രകാരംലാഭമായിരുന്ന പലതും ക്രിസ്തു നിമിത്തം ചേതം എന്നു എണ്ണുവാൻ സാധിക്കുകയുള്ളൂ. മാനുഷികമായ സ്വഭാവം വച്ചു നോക്കുമ്പോൾ വളരെ നിസ്സാരമായ കാര്യങ്ങൾ മതി ഒരുവന്റെ സന്തോഷവും സമാധാനവും ഇല്ലാതാവാൻ. ദൈവത്തെ അറിഞ്ഞ ഒരു വ്യക്തിക്ക് അവൻ തന്റെ അജ്ഞതയുടെ കാലത്ത് വിലപ്പെട്ടതായി കണ്ട പലതും, അത് സമ്പത്തായാലും, ജോലിയായാലും, പ്രശസ്തിയായാലും എന്ത് തന്നെയായാലും ക്രിസ്തുവേശുവിലുള്ള പരിജ്ഞാനത്തേക്കാൾ വലുതല്ല എന്ന് എണ്ണാൻ കഴിയണം. അതാണ് പൗലോസ് അപ്പോസ്തോലൻ ചെയ്തതും നമ്മോട് ആഹ്വാനം ചെയ്യുന്നതും.

ഇന്ന് തന്നെ നിങ്ങൾക്ക് ഇത് ലഭിച്ചില്ലെങ്കിൽ നിങ്ങൾ ഒരു പരാജയമാണ്; നിങ്ങൾക്ക് വലിയ നഷ്ടമാണ് എന്നൊക്കെ നമ്മെ ചിന്തിപ്പിക്കുന്ന ഒരു പരസ്യ ലോകത്താണ് നാം ആയിരിക്കുന്നത്. ഇതൊക്കെ എത്ര നിസ്സാരമായ കാര്യങ്ങളാണ് എന്ന് ചിന്തിക്കാൻ ഒരു ആത്മീയന് സാധിക്കണം. ജീവിതത്തിൽ യാതൊരു പ്രാധാന്യവുമില്ലാത്ത കാര്യങ്ങൾക്ക് പിന്നാലെ പോയി 'മണ്ണെ പ്രതി മാണിക്യം വെടിയുന്ന' പമ്പര വിഡ്ഢികളായി നാം തീരരുത്. ലോകത്തിന്റെ പ്രലോഭനങ്ങളിലും ഭംഗിവാക്കുകളിലും വീഴരുത്. എന്റെ നിത്യതക്ക് ഉതകാത്ത യാതൊന്നും ഈ ലോക ജീവിതത്തിൽ എനിക്ക് പ്രാധാന്യമുള്ളതല്ല എന്ന് ഒരു വിശ്വാസി മനസ്സിലാക്കണം. മനുഷ്യന്റെ ദൃഷ്ടിയിൽ മേന്മയുള്ള പലതും ദൈവത്തിന്റെ ദൃഷ്ടിയിൽ അറപ്പുളവാക്കുന്നതാണ് എന്ന് വചനം നമ്മെ ഓർമ്മിപ്പിക്കുന്നു.

ഇവിടെ നാം പരദേശിയാണ് എന്ന് അറിയാമെങ്കിലും ഒരിക്കലും ഇവിടം വിട്ടു പോകേണ്ടി വരില്ല എന്ന വിചാരത്തോടെയാണ് മനുഷ്യൻ ലോകത്തിൽ ജീവിക്കുന്നത്. എന്നാൽ ഒരു ദൈവപൈതൽ 'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു' എന്നുള്ള വിചാരത്തോടെ വേണം ജീവിക്കാൻ. അപ്പോൾ അനുദിന ജീവിതത്തിലുള്ള നിസ്സാരമായ കാര്യങ്ങൾ

നമ്മുടെ സന്തോഷം നഷ്ടപ്പെടുത്തില്ല. അവന് കർത്താവിൽ എപ്പോഴും സന്തോഷിക്കാൻ കഴിയും. ഉയരത്തിലുള്ളതിനെ കുറിച്ച് ചിന്തിക്കാൻ കഴിയും. അതിനായി വിശുദ്ധിയോടെ ജീവിക്കാൻ സാധിക്കും. ഇതായിരിക്കട്ടെ ഓരോ ദൈവപൈതലിന്റെയും പ്രത്യാശ.

**പരാമർശം :**

ഫിലിപ്പ്യർ 3:14

ഒന്നു ഞാൻ ചെയ്യുന്നു, പിമ്പിലുള്ളതു മറന്നും മുമ്പിലുള്ളതിന് ആഞ്ഞും കൊണ്ട് ക്രിസ്തുവേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്ക് ഓടുന്നു.

**സിസ്റ്റർ. നിനു ബിനു ബേബി ആലപ്പുഴ 037**